# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5427 — 27.03.2018 ൽ മറുപടിയ്ക്ക്

## ഔഷധ സസ്യങ്ങൾ/ഔഷധോദ്യാനങ്ങൾ എന്നിവ ഒരുക്കുന്നതിന് സഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം | ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |

| ചോദ്യം | മറുപടി |
|---|---|
| എ) ഔഷധ സസ്യങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും ഔഷധോദ്യാനങ്ങൾ ഒരുക്കുന്നതിനും സർക്കാർ ഏതെങ്കിലും തരത്തിലുള്ള സഹായങ്ങൾ നൽകി വരുന്നുണ്ടോ;<br>ബി) എങ്കിൽ ഏതെല്ലാം രീതിയിലെന്ന് അറിയിക്കാമോ; | എ) & ബി) ഉണ്ട്. ഔഷധ കൃഷി വ്യാപിപ്പിക്കുന്നതിനായി നടീൽ മുതൽ സംസ്കരണം വരെയുള്ളവയ്ക്ക് ഊന്നൽ നൽകി കർഷകർക്ക് ബോധവൽക്കരണവും പരിശീലനവും നൽകുന്നു. ഔഷധ സസ്യങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി 5-8 ഔഷധ സസ്യങ്ങൾ അടങ്ങിയ കിറ്റുകൾ കർഷകർക്ക് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു. വ്യാവസായികാടിസ്ഥാനത്തിൽ കൃഷി വ്യാപിപ്പിക്കുന്നതിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ വിവിധ ആയുർവ്വേദ ഔഷധ നിർമ്മാണ കമ്പനികളുടെ സഹകരണത്തോടു കൂടി ഔഷധ കൃഷിത്തോട്ടങ്ങൾ നിർമ്മിക്കുകയും അതിനോടൊപ്പം മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനും വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നു.<br>കർഷക കൂട്ടായ്മകളിലൂടെ തിരഞ്ഞെടുക്കപ്പെട്ട 26 ഔഷധ സസ്യങ്ങൾ നട്ട് പിടിപ്പിക്കുന്നതിന് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ- കേരള മുഖാന്തിരം ധനസഹായം നൽകി വരുന്നു. കൂടാതെ, സ്കൂളുകളിൽ ഔഷധോദ്യാനം സജ്ജമാക്കുന്നതിനും സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ട്.<br>സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള മുഖാന്തിരം നടപ്പിലാക്കുന്ന "ദേശീയ ഔഷധ സസ്യ മിഷൻ" എന്ന പദ്ധതിയിലൂടെ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. |

1. ഔഷധ സസ്യങ്ങളുടെ ഗുണമേന്മയുള്ള നടീൽ ഉല്പാദനം എന്ന ഘടക പദ്ധതിയിലൂടെ ആധുനിക സംവിധാനങ്ങളോട് കൂടി സ്ഥാപിക്കുന്ന മാതൃകാ നേഴ്സറികൾക്കും ചെറുകിട നേഴ്സറികൾക്കും വൻതോതിൽ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിന് ധനസഹായം ലഭ്യമാക്കുന്നുണ്ട്.
2. ഔഷധ സസ്യകൃഷി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിലേക്കായി ഔഷധ സസ്യങ്ങളുടെ വിളവിസ്തൃതി വർദ്ധിപ്പിക്കൽ എന്ന ഘടക പദ്ധതി നടപ്പിലാക്കുന്നുണ്ട്. തിരഞ്ഞെടുക്കപ്പെട്ട 26 ഔഷധ സസ്യങ്ങൾക്കാണ് ഈ ധനസഹായം നൽകുന്നത്.
3. ഔഷധ സസ്യങ്ങളുടെ വിളവെടുപ്പാനന്തര പരിപാലനത്തിനായി ഉണക്കുപുരകൾ സ്ഥാപിക്കുന്നതിനായി സ്വകാര്യ മേഖലയിൽ 10 ലക്ഷം രൂപ എന്ന പരിധിക്കു വിധേയമായി പദ്ധതി ചെലവിന്റെ 50% ധനസഹായമായി നൽകുന്നു.
4. ഫ്ലക്സി ഘടകം എന്ന പദ്ധതിയിലൂടെ പരിശീലന പരിപാടികൾക്ക് 100% ധനസഹായം നൽകി വരുന്നു. പ്രചാരണ പരിപാടികൾ എന്ന ഘടകത്തിലുൾപ്പെടുത്തി വിദ്യാലയങ്ങളിൽ ഔഷധോദ്യാനങ്ങളുടെ സ്ഥാപനം (5 സെന്റിലേയ്ക്ക് പരമാവധി 10,000/- രൂപ- 100% ധനസഹായം), Buyer Seller Meet (100% ധനസഹായം), ചില്ലറ വ്യാപാര വിപണികൾ സ്ഥാപിക്കുക (പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 100% ഉം സ്വകാര്യ മേഖലാ സ്ഥാപനങ്ങൾ 50%) എന്നിവയാണ് ഈ പദ്ധതിയിലുൾപ്പെടുത്തി നൽകിവരുന്ന ധനസഹായം.

| | | | |
|---|---|---|---|
| സി) | വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഔഷധോദ്യാനങ്ങൾ നിർമ്മിക്കുന്നതിന് കൃഷിവകുപ്പ് മുഖേന ചെയ്തു വരുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വിവരിക്കാമോ; | സി) & ഡി) | സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ- കേരള മുഖാന്തിരം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഔഷധോദ്യാനങ്ങൾ നിർമ്മിക്കുന്നതിന് 5 സെന്റിലേയ്ക്ക് വരുന്ന ചെലവിന്റെ 100% സാമ്പത്തിക സഹായം, പരമാവധി 10,000/- രൂപ നൽകി വരുന്നു. കൂടാതെ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള മുഖാന്തിരം ഓരോ ജില്ലയിലേയും ഒരു വിദ്യാലയത്തിൽ വീതം ഔഷധോദ്യാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ഡി) | ഓരോ കൃഷിഭവന് കീഴിലും ചുരുങ്ങിയത് ഒരു ഔഷധോദ്യാനം എന്ന നയം സർക്കാരിനുണ്ടോ; എങ്കിൽ ഇത് നടപ്പാക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ? | | |

സെക്ഷൻ ഓഫീസർ